# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

നം. ഇ.എ./00018/എസ്.എസ്.യു.എസ്./2024 (1) തീയതി 18.01.2024

## സർക്കുലർ

വിഷയം: 2024 ഏപ്രിലിൽ നടക്കുന്ന 2,4,6 സെമസ്റ്റർ ബിരുദം, 2,4 സെമസ്റ്റർ ബിരുദാനന്തര ബിരുദം, 2,4,6,7,8 സെമസ്റ്റർ ബി.എഫ്.എ., രണ്ടാം സെമസ്റ്റർ ഡിപ്ലോമ /പി.ജി. ഡിപ്ലോമ എന്നീ പരീക്ഷകളുടെ കോഴ്സിന്റെ രജിസ്ട്രേഷൻ - സംബന്ധിച്ച്

2024 ഏപ്രിലിൽ നടക്കുന്ന 2,4,6 സെമസ്റ്റർ ബിരുദം, 2,4 സെമസ്റ്റർ ബിരുദാനന്തര ബിരുദം, 2,4,6,8 സെമസ്റ്റർ ബി.എഫ്.എ., രണ്ടാം സെമസ്റ്റർ ഡിപ്ലോമ /പി.ജി. ഡിപ്ലോമ എന്നീ പരീക്ഷകളുടെ കോഴ്സിന്റെ രജിസ്ട്രേഷൻ എല്ലാ വിദ്യാർത്ഥികളും കോർ / ഇലക്ടീവ് / പ്രാക്ടിക്കൽ / പ്രൊജക്ട് ഉൾപ്പെടെ എല്ലാ കോഴ്സുകളും ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ വകുപ്പ് മേധാവിമാർ / ക്യാമ്പസ് ഡയറക്ടർമാർ കൃത്യമായി ഉറപ്പാക്കേണ്ടതാണ്.

1. എല്ലാ വിദ്യാർത്ഥികളും നാഷണൽ അക്കാദമിക് ഡിപ്പോസിറ്ററി (NAD/Digilocker) പോർട്ടലിൽ ABC - (ID) ക്ക് വേണ്ടി രജിസ്റ്റർ ചെയ്യേണ്ടതും പ്രസ്തുത ABC - (ID) കോഴ്സ് രജിസ്ട്രേഷൻ അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതുമാണ്.
2. കോഴ്സുകൾ രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി 10.02.2024. രജിസ്ട്രേഷനിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ അത് തിരുത്താനുള്ള അവസാന തീയതി 13.02.2024. വകുപ്പദ്ധ്യക്ഷന്മാർ / ക്യാമ്പസ് ഡയറക്ടർമാർ പ്രസ്തുത സമയത്തിനകം, അതാത് ഡിപ്പാർട്ടുമെന്റ് / പ്രാദേശിക കേന്ദ്രത്തിൽ ഉള്ള എല്ലാ വിദ്യാർത്ഥികളെക്കൊണ്ടും കോഴ്സ് രജിസ്ട്രേഷൻ നിർബന്ധമായും ചെയ്യിക്കേണ്ടതാണ്. കോഴ്സ് രജിസ്ട്രേഷൻ കൃത്യസമയത്ത് ചെയ്യാത്ത വിദ്യാർത്ഥികൾക്ക് പരീക്ഷാ രജിസ്ട്രേഷൻ നടത്താനോ പരീക്ഷ എഴുതാനോ സാധിക്കുന്നതല്ല.
3. കൃത്യമായ പരിശോധനയ്ക്കും തിരുത്തലുകൾക്കും ശേഷം, കോഴ്സ് രജിസ്ട്രേഷൻ നടത്തിയതിന്റെ ഹാർഡ് കോപ്പി, എല്ലാ വകുപ്പ് മേധാവിമാർ / ക്യാമ്പസ് ഡയറക്ടർമാർ , ടീച്ചർ ഇൻ ചാർജിന്റെ ഒപ്പോടു കൂടി 15.02.2024 നകം പ്രൊ-വൈസ്-ചാൻസലറിന് സമർപ്പിക്കേണ്ടതാണ്. ഒരു കോപ്പി ഡിപ്പാർട്ടുമെന്റ് / ക്യാമ്പസ് ഡയറക്ടറുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഒന്ന് വിദ്യാർത്ഥിക്ക് നൽകേണ്ടതുമാണ്.

ഡെപ്യൂട്ടി രജിസ്ട്രാർ (പരീക്ഷാ വിഭാഗം)
പ്രൊ-വൈസ്-ചാൻസലർക്കു വേണ്ടി

സ്വീകർത്താക്കൾ

1. എല്ലാ വകുപ്പ് മേധാവിമാർ / ക്യാമ്പസ് ഡയറക്ടർമാർ
2. പി.എസ്. ടു. വി.സി./പി.വി.സി./രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ
3. പരീക്ഷ ബി,സി,ഡി വിഭാഗങ്ങൾ/ഐ.ടി. ഇൻ ചാർജ്ജ്
4. പ്രോഗ്രാമർ (പരീക്ഷ ഡിജിറ്റലൈസേഷൻ)
5. ഡെപ്യൂട്ടി രജിസ്ട്രാർ / അസിസ്റ്റന്റ് രജിസ്ട്രാർ (പരീക്ഷാ വിഭാഗം) /ഡിപ്പാർട്ടുമെന്റൽ സിസ്റ്റം
6. വെബ്സൈറ്റ്/ഇൻഫർമേഷൻ കൗണ്ടർ/ കൺവീനർ, പരീക്ഷ സ്ഥിരം സമിതി